# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4374 26.06.2014 -ലെ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിൽ എച്ച് .എസ്.എസ്.ടി. ഇംഗ്ലീഷ് നിയമനം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി. എ. മാധവൻ | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിൽ എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് നിയമനം എച്ച് .എസ്.എ. പ്രൊമോഷൻ വഴി ഉടൻ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ; | (എ) എച്ച് .എസ്.എ -മാരുടെ എച്ച്.എസ്.എസ്.ടി. (ഇംഗ്ലീഷ്) തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ നിയമനം (പ്രമോഷൻ) സംസ്ഥാനതലത്തിലാണ്. ടി നിയമനത്തിന്റെ നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു. |
| (ബി) ദീർഘകാലമായി പ്രസ്തുത നിയമനം നടക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ; | (ബി) കോടതി വ്യവഹാരങ്ങൾ ഉണ്ടായിരുന്നതിനാലാണ് പ്രസ്തുത നിയമനം നീണ്ടു പോയത്. |
| (സി) കോഴിക്കോട് ജില്ലയിലെ നിലവിലുള്ള എച്ച് .എസ്.എ. ഇംഗ്ലീഷ് റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണെന്നും പ്രസ്തുത ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകി എന്നും വ്യക്തമാക്കുമോ ; | (സി) & (ഡി) 02/02/2014-ൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ചു. 15/10/2013 തീയതിവരെ 97 ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം വൈകുന്നത് സ്റ്റാഫ് ഫിക്സേഷൻ ഓർഡർ നിലവിലില്ലാത്തതുമൂലമാണോയെന്ന് വ്യക്തമാക്കുമോ ; എങ്കിൽ സ്റ്റാഫ് ഫിക്സേഷൻ ഓർഡർ എന്നേക്ക് നിലവിൽ വരുമെന്ന് അറിയിക്കുമോ ? | |

Valayakumari

സെക്ഷൻ ഓഫീസർ